I.ഇ.ബി.XIകേരള നിയമസഭ/IV8

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 26, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

ഹയർ സെക്കന്ററി പരീക്ഷാഫലം പൂർണ്ണമായി പ്രസിദ്ധീകരിക്കാത്തതിനാലും വിജയിച്ചവർക്ക് മാർക്ക് ലിസ്റ്റ് കൊടുക്കാത്തതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ.

മി. സ്പീക്കർ: ഹയർ സെക്കന്ററി പരീക്ഷ എഴുതിയ രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളിൽ അയ്യായിരത്തോളം പേരുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്തതിനാലും വിജയിച്ച ഒന്നര ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് നാളിതുവരെ മാർക്ക് ലിസ്റ്റ് അയച്ചു കൊടുത്തിട്ടില്ലാത്തതിനാലും സംസ്ഥാനത്തിന് അകത്തും പുറത്തും ഉപരി പഠനത്തിനുള്ള കൗൺസിലിങ്ങുകളിൽ പങ്കെടുക്കാൻ കഴിയാതെ വിദ്യാർത്ഥികൾ നേരിട്ടുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങളും അതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷവും സഭാനടപടികൾ നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എ.കെ. ബാലൻ, ബിനോയ് വിശ്വം, സി.കെ നാണു, പി.സി. ജോർജ്, വി.സി. കബീർ, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. എം.എ ചന്ദ്രശേഖരനും ഇതു സംബന്ധിച്ച് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)ഃ ഹയർ സെക്കന്ററി പരീക്ഷാഫലം ചുരുങ്ങിയ കാലയളവിനുള്ളിൽ കൃത്യസമയത്ത് തന്നെ പ്രസ്ദ്ധീകരിച്ചുവെങ്കിലും സംശയാസ്പദമായ 5000 റിസൽറ്റുകൾ തടഞ്ഞുവയ്ക്കേണ്ടിവന്നു. ഹയർ സെക്കന്ററി പരീക്ഷാഫലം അനൗൺസ് ചെയ്ത പത്രസമ്മേളനത്തിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിൽ 481 റിസൽറ്റുകൾ തടഞ്ഞുവച്ചത് മാൽപ്രാക്ടീസ് കണ്ടുപിടിക്കപ്പെട്ടതുകൊണ്ടാണ്. സബ്ജക്ട് തെറ്റി പരീക്ഷയെഴുതിയ കേസുകളും തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ട്. ഇതിൽ മിക്കവയും വാല്യവേഷൻ സെന്ററിൽനിന്നുതന്നെ തിരുത്തി കിട്ടേണ്ടവയായിരുന്നു. ഏതായാലും കറക്ഷൻ പൂർത്തിയാക്കി ജൂൺ 29, 30 തീയതികളിലായി ഫലം പ്രസിദ്ധീകരിക്കുന്നതാണ്. ഉപരിപഠനത്തിന് സെലക്ഷൻ ലഭിച്ചതായി രേഖാമൂലം തെളിയിച്ചാൽ ഒറിജിനൽ മാർക്ക് ലിസ്റ്റ് അപ്പോൾത്തന്നെ നൽകുന്നതിനും സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. സ്റ്റേറ്റിന് അകത്തായലും പുറത്തായാലും ഒരു വിദ്യാർത്ഥിയുടേയും ഉപരിപഠന സാദ്ധ്യത നിഷേധിക്കുകയില്ല.

ശ്രീ എ. കെ. ബാലൻ: കേരളത്തിൽ ഹയർ സെക്കന്ററി പരീഷ എഴുതിയ വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കളും കടുത്ത മാനസിക സംഘർഷത്തിൽ പെട്ടിരിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ ലാഘവത്തോടെയാണ് ഇക്കാര്യത്തിൽ മറുപടി പറയുന്നത്. ഹയർ സെക്കന്ററി പരീക്ഷയെഴുതിയ സംസ്ഥാനത്തെ 2,40,877 വിദ്യാർത്ഥികളിൽ 1,42,210 പേർ വിജയിച്ചു. 5000 ത്തോളം ഫലങ്ങൾ പിന്നീട് പ്രഖ്യാപിക്കുന്നതാണെന്ന് പറഞ്ഞ് മാറ്റിവച്ചിരിക്കുന്നു. പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ് കൊടുക്കുന്നത് ഔദാര്യമായിട്ട് കാണേണ്ടതല്ല. റിസൽറ്റ് അനൗൺസ് ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞത് തടഞ്ഞുവയ്ക്കപ്പെട്ട ഫലങ്ങൾ 22-6-2002-ന് പ്രസിദ്ധീകരിക്കുമെന്നായിരുന്നു. അതുണ്ടായില്ല. സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളെല്ലാം ഒറിജിനൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. വെല്ലൂരിൽ ബി.എസ്സി. നഴ്സിംഗ് കോഴ്സിന് സെലക്ഷൻ ഉണ്ടായിരുന്ന 47 വിദ്യാർഥികൾക്ക് ഹയർ സെക്കന്ററിയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതിനാൽ പ്രവേശനം ലഭിച്ചിട്ടില്ല. ഡിഗ്രിക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഹയർ സെക്കന്ററി ഡയറക്ട റേറ്റിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. ഇന്നലെ എസ്.എഫ്.ഐ.യുടെ നേതൃത്വ ത്തിൽ ഉപരോധം നടത്തിയപ്പോൾ മറുപടി പറയാനുണ്ടായിരുന്നത് ജോയിൻറ് ഡയറക്ടറാണ്. ഡയറക്ടർ സ്ഥലത്തില്ല. സുപ്രധാന ചർച്ച നടക്കുന്ന ഈ സഭയിലും ഡയറക്ടർ ഹാജരായിട്ടില്ല. ഉപരി പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ആശങ്ക അകറ്റുന്നതിന് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഹയർ സെക്കണ്ടറി ഡയറക്ടർ എന്നോട് അനുവാദം വാങ്ങിയിട്ട് വ്യക്തിപരമായ ഒരാവശ്യത്തിനുവേണ്ടി മദ്രാസിൽ പോയിരിക്കുകയാണ്. ജോയിന്റ് ഡയറക്ടർമാരുണ്ടെങ്കിലും ഉദ്യോഗസ്ഥന്മാരുടെ കുറവുണ്ട്.

ഓഫീസ് സംവിധാനങ്ങളിലും പോരായ്മയുണ്ട്. അവ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡയറക്ടറേറ്റ് തന്നെ അവിടെനിന്ന് മാറ്റാനും ഉദ്ദേശിക്കുന്നുണ്ട്. പരീക്ഷാ ഫലവും സർട്ടിഫിക്കറ്റ് കിട്ടാത്തതും തമ്മിൽ ബന്ധമില്ല. ഒരു ലക്ഷത്തിനാൽപതിനായിരം സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിന് പത്തോ പതിനഞ്ചോ ദിവസമെടുക്കും ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾ ഒറിജിനൽ സർട്ടിഫിക്കറ്റിന്റെ കോപ്പി ആവശ്യപ്പെട്ടാൽ എപ്പോൾ വേണമെങ്കിലും ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസമുണ്ടാകുമെന്നുള്ളത് മുൻകൂട്ടി കണ്ടുകൊണ്ട് പത്രസമ്മേളനത്തിൽ ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. എസ്. എഫ്. ഐ. യുടെ സമരംകൊണ്ട് ഉറപ്പ് നൽകിയതല്ല. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

(1) <u>ധാതു നിക്ഷേപം ഖനനം ചെയ്യുന്നതിനുള്ള അവകാശം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള ശ്രമം</u>

<u>ശ്രീ. പി. സി. ജോർജ്:</u> കേരളത്തെ സമ്പന്ന സംസ്ഥാനമാക്കി മാറ്റാൻ കഴിയുന്ന ധാതുനിക്ഷേപത്തിന്റെ കലവറയായ നീണ്ടകര മുതൽ കായംകുളം വരെയുള്ള കടലോര മേഖലയിൽ അടിഞ്ഞു കിടക്കുന്ന 6000 കോടി രൂപയുടെ ധാതുനിക്ഷേപം ഖനനം ചെയ്യുന്നതിനെ സംബന്ധിച്ച് കക്ഷി നേതാക്കന്മാരുമായി ചർച്ച നടത്തി ഒരു നയം പ്രഖ്യാപിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെ ചർച്ചയ്ക്കു പോലും തയ്യാറായിട്ടില്ല. സഭയ്ക്ക് നൽകിയ ഉറപ്പ് ലംഘിച്ചുകൊണ്ട് 'മലയാള മനോരമ'യിലും 'ഇൻഡ്യൻ എക്സ്പ്രസ്സിലും' ഒരു നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നയം ആ പ്രദേശങ്ങളിലെ ജനങ്ങളിലാകെ ഭീതിയുളവാക്കിയിരിക്കുകയാണ്. ഈ നയം പത്രത്തിൽ വന്ന അവസരത്തിൽ അമ്പലപ്പുഴ, ചേപ്പാട്, ഹരിപ്പാട് പ്രദേശത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ധാരാളം സ്വകാര്യ മുതലാളിമാർ വസ്തു രജിസ്ട്രേഷൻ നടത്തിയിരുന്നു. ഒരു വ്യക്തി 80 ഏക്കറും മറ്റൊരാൾ 40 ഏക്കറും ഈ മേഖലയിൽ കൈവശപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ മുതലാളിമാർക്ക് സ്ഥലം വാങ്ങിക്കൂട്ടാനും ഖനനം ചെയ്യാനും ഈ ഗവൺമെന്റ് അവസരം സൃഷ്ടിക്കുന്നു. സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാകുന്ന രീതിയിൽ സംസ്ഥാനത്തിന്റെ സമ്പത്ത് കൊള്ളയടിക്കാൻ സ്വകാര്യ മുതലാളിമാരെ അനുവദിക്കരുത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):</u> കൊല്ലം, ആലപ്പുഴ ജില്ലകളിൽ നീണ്ടകര മുതൽ കായംകുളം പൊഴിവരെയുള്ള 22 കിലോമീറ്റർ സ്ഥലത്ത് 1900 ലക്ഷം ടൺ ഖനിജ മണൽ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ 22 കിലോമീറ്ററിൽ കെ.എം.എം.എൽ–ഉം ഐ.ആർ.ഇ–യും

കൂടി ഖനനം ചെയ്യുന്നത് 291.25 ഹെക്ടർ സ്ഥലത്ത് മാത്രമാണ്. ഒരു വർഷം ഒരു ലക്ഷം ടൺ മണൽ മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്. കടലെടുത്തും മൽസ്യത്തൊഴിലാളികൾ കൈയേറിയും കുറെ ഭൂമി നഷ്ടമാക്കുന്നു. അന്യസംസ്ഥാനങ്ങളിലേയ്ക്ക് മണൽ കടത്തിക്കൊണ്ടുപോയി വ്യവസായങ്ങൾ ആരംഭിക്കുന്ന സ്ഥിതിയുമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം ഇൻവെസ്റ്റുമെന്റ് കിട്ടുന്ന പ്രോജക്ടുകൾക്കും കെ.എം.എം.എൽ-ഉം ഐ.ആർ.ഇ-യും കൂടി സമർപ്പിക്കുന്ന വയബിളായിട്ടുള്ള വാല്യു ആഡഡ് പ്രോജക്ടുകൾക്കും ഗവൺമെന്റ് മുന്തിയ പരിഗണന കൊടുക്കുന്നതാണ്. കൊച്ചിൻ റൂട്ടൈയിലിനെ കായംകുളം പൊഴിയിൽ ഖനനത്തിന് അനുവദിക്കുന്ന കാര്യത്തിൽ ട്രേഡ് യൂണിയനുകളും ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കുന്നതാണ്.

(2) <u>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ</u>

<u>ശ്രീ. ഷിബു ബേബിജോൺ</u>: കേരളത്തിൽ റോഡപകടങ്ങൾ നിത്യസംഭവമായി മാറിയിരിക്കുന്നു. ആൾ ഇൻഡ്യാ ശരാശരി വാഹനാപകടം ആയിരത്തിന് 8.3 ആണെങ്കിൽ കേരളത്തിൽ അത് 19 ആണ്. 'നാട്പാക്'-ഉം സോമരാജൻ കമ്മീഷനും റോഡപകടങ്ങളെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകൾ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. നെഗ്ളിജൻസ് ആന്റ് റാഷ് ഡ്രൈവിംഗ്, റോഡ് ഫാക്ടേഴ്സ്, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നിവയാണ് റോഡപകടങ്ങൾക്ക് പ്രധാന കാരണങ്ങൾ. ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോഴും പത്ത് വർഷത്തിലൊരിക്കലും നേത്ര പരിശോധന നിർബന്ധമാക്കണം. നാഷണൽ ഹൈവേ ഉൾപ്പെടെ എല്ലായിടത്തും പട്രോളിംഗ് ശക്തിപ്പെടുത്തണം. മുഖ്യമന്ത്രി ചെയർമാനായി ട്രാൻസ്പോർട്ട്, പി.ഡബ്ളിയു.ഡി, പോലീസ്, ഹെൽത്ത് എന്നി ഡിപ്പാർട്ടുമെന്റുകളെ ഉൾപ്പെടുത്തി റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ്കുമാർ)</u>: 1.43 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിലെ റോഡുകളിൽ 21.11 ലക്ഷം വാഹനങ്ങളാണ് ഓടിക്കൊണ്ടിരിക്കുന്നത്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല. ദിവസേന 105 വാഹന അപകടങ്ങളിലായി ഏഴുപേർ മരണപ്പെടുകയും 136 പേർക്ക് പരിക്കേല്ക്കുകയും ചെയ്യുന്നതായി നാട്പാക്കിന്റെ പഠനം തെളിയിച്ചിരിക്കുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മരാമത്തു-ഗതാഗത വകുപ്പു മന്ത്രിമാർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിച്ച് പോലീസ്, പി. ഡബ്ളിയു.ഡി., മോട്ടോർ വെഹിക്കിൾസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 18-5-2002-ൽ ഒരു യോഗം വിളിച്ചുകൂട്ടി. റോഡ് സേഫ്റ്റി അതോറിറ്റിയും അതിനുവേണ്ടി ഒരു ഫണ്ടും രൂപീകരിക്കുന്നതിന് കമമിറ്റി ഒരു പദ്ധതി തയ്യാറാക്കി സമർപ്പിച്ചു. റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ നിയമവകുപ്പ്

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിന് സി.ഐ.മാർക്ക് കൊടുത്തിരുന്ന അധികാരം ഇപ്പോൾ എസ്.ഐ.മാർക്കും കൂടി കൊടുത്തിട്ടുണ്ട്. പോലീസ്, മോട്ടോർ വെഹിക്കിൾസ് വകുപ്പുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി സ്പീഡ് റഡാറുകളും ബ്രീത്ത് അനലൈസറും വാഹനങ്ങളും ലഭ്യമാക്കും. നാമക്കല്ലിലുള്ള അശോക് ലേലാന്റ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററിന്റെ മാതൃകയിൽ പാറശ്ശാലയിൽ ഒരു ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതാണ്. മദ്യപിച്ച് വണ്ടി ഓടിക്കുന്നവരിൽനിന്ന് സ്പോട്ടിൽത്തന്നെ ഫൈൻ ഈടാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അടുത്ത വർഷം മുതൽ ഒന്നും രണ്ടും മൂന്നും ക്ളാസുകളിലെ പാഠപുസ്തകങ്ങളിൽ റോഡു സുരക്ഷയെ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തുന്നതാണ്. റോഡപകടങ്ങളിൽ പരിക്കേല്ക്കുന്നവരെ വേഗം ആശുപത്രിയിലെത്തിക്കുന്നതിന് ട്രോമാകെയർ ബൂത്തുകൾ സ്ഥാപിക്കുന്നതാണ്. ട്രാഫിക് നിയമങ്ങൾ കെ.എസ്.ആർ.ടി.സി. ഡ്രൈവർ മാർക്കും ബാധകമാണ്.

## സബ്മിഷൻ

(1) ആലപ്പുഴ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയായിരുന്ന എ. എസ്. അനീഷിന്റെ ദുരൂഹ മരണം

ശ്രീ. കെ. പി. രാജേന്ദ്രൻ: ആലപ്പുഴ മെഡിക്കൽ കോളേജിലെ അവസാനവർഷ എം. ബി. ബി.എസ്. വിദ്യാർത്ഥിയായിരുന്ന അനീഷ് 2002 ഏപ്രിൽ 3-ാം തീയതി പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയതിനുശേഷം ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അനീഷ് മാനസിക പീഡനംമൂലമാണ് മരിക്കാനിടയായതെന്ന് വ്യക്തമായ തെളിവുണ്ട്. ഈ സംഭവത്തെക്കുറിച്ച് ഗൗരവമായി അന്വേഷിക്കുകയും ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ആലപ്പുഴ മെഡിക്കൽ കോളേജിലെ അവസാന വർഷ എം. ബി. ബി. എസ്. വിദ്യാർത്ഥിയായിരുന്ന അനീഷ് 2002 ഏപ്രിൽ 3-ന് പ്രാക്ടിക്കൽ പരീക്ഷയ്ക്ക് പോയതിനുശേഷം തിരികെ എത്തിയിട്ടില്ലെന്ന പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് എല്ലാതലത്തിലുമുള്ള അന്വേഷണം നടത്തിയതിൽ ആത്മഹത്യ ചെയ്തതായിട്ടാണ് അറിയാൻ കഴിഞ്ഞത്. മരണകാരണത്തെക്കുറിച്ച് വ്യക്തമായ നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ആ കുട്ടിയുടെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ഉയർന്ന പോലീസുദ്യോഗസ്ഥനെക്കൊണ്ട് വീണ്ടും അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിരിക്കുകയാണ്.

(2) കോന്നി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിൽ നിലവിലുള്ള പദ്ധതികളായ പ്രമാടം, മാളാപാറ, കൂടൽ–ഏനാദിമംഗലം പദ്ധതികൾ വിപുലീകരിക്കുന്നതിനും തണ്ണിത്തോട് പഞ്ചായത്തിൽ പുതിയ പദ്ധതി ആരംഭിക്കുന്നതിനും പി. എം. ആർ. വൈ. സ്കീമിലുൾപ്പെടുത്തി തീരുമാനമെടുത്തിട്ടുള്ളതാണ്. ഈ പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) പ്രസ്തുത പദ്ധതികൾക്ക് രാജീവ്ഗാന്ധി നാഷണൽ ഡ്രിംഗിംങ് വാട്ടർ മിഷന്റെ നിർദ്ദേശപ്രകാരം താൽക്കാലികമായിട്ടുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എത്രയും വേഗം അതിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയും.

3. കൂത്തുപറംപ് നിയോജകമണ്ഡലത്തിലെ കണ്ണവം പോലീസ് സ്റ്റേഷന്റെ അധികാരപരിധി സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ: കണ്ണവം പോലീസ്സ്റ്റേഷന്റെ അധികാരപരിധിയിൽനിന്ന് കണ്ടംകുന്ന് വില്ലേജ് ഒഴിവാക്കി കോളയാട് വില്ലേജ് ഉൾപ്പെടുത്തണമെന്നും കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്ന് കോട്ടയം വില്ലേജ് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാതി കൊടുത്തിട്ട് ആറു മാസം കഴിഞ്ഞിട്ടും ഇതുവരെ യാതൊരു തീരുമാനവുമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കതിരൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധി പുനർനിർണ്ണയം ചെയ്യുന്നതു സംബന്ധിച്ച് കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് അഭിപ്രായമാരാഞ്ഞിട്ടുണ്ട്. പരിശോധന നടത്തി എത്രയും വേഗം തീരുമാനമെടുക്കും. കണ്ണവം പോലീസ് സ്റ്റേഷന്റെ പരിധിയിൽനിന്ന് കണ്ടംകുന്ന് വില്ലേജ് ഒഴിവാക്കുന്നതുസംബന്ധിച്ച നിർദ്ദേശം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്.

4. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എം. ബി. ബി. എസ്. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്

ശ്രീ. വി. ബാലറാം.: കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പാർട്ട് II പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ പകുതിയോളം പേർ തോറ്റ സാഹചര്യത്തിൽ പ്രാക്ടിക്കലിന് 5 മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നോംസിനും യൂണിവേഴ്സിറ്റിയുടെ സർക്കുലറിനും വിരുദ്ധമായിട്ടാണ് ഇത്രയധികം കുട്ടികൾ തോറ്റിരിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഫൈനൽ ഇയർ മെഡിക്കൽ വിദ്യാർത്ഥികളെ സംബന്ധിച്ച പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടൻ ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. തിയറിക്ക് 5 മാർക്ക്

ഗ്രേസ് മാർക്കായി കൊടുത്തു. പ്രാക്ടിക്കലിന്റെ കാര്യത്തിൽ ഗ്രേസ് മാർക്ക് കൊടുക്കുന്ന കാര്യം തീരുമാനിക്കേണ്ടത് സിൻഡിക്കേറ്റാണ്. ഗവൺമെന്റിന് നിർദ്ദേശം കൊടുക്കാൻ നിവൃത്തിയില്ല.

5. കോഴിക്കോട് ജില്ലയിലെ എൽ. ഡി. സി. റാങ്ക് ലിസ്റ്റ്

ശ്രീ. മത്തായി ചാക്കോ: കോഴിക്കോട് ജില്ലയിലെ ആർ. ടി. ഒ., ട്രഷറി, സെയിൽസ് ടാക്സ്, റവന്യൂ തുടങ്ങിയ വകുപ്പുകളിലും എൽ.ഡി സി. റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയും നിയമനം ലഭിച്ചിട്ടില്ല. ഇവർക്ക് നിയമനം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർക്കാർ വകുപ്പുകളിലെ അധിക തസ്തികകളേയും അധിക ജീവനക്കാരേയും കണ്ടെത്താൻ നിയോഗിച്ച ധനകാര്യ വകുപ്പു സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി പരിശോധന നടത്തി വരികയാണ്. അതിന്റെ കാലാവധി 30.9.2002 വരെ നീട്ടിയിരിക്കുകയാണ്. ഈ സെക്രട്ടറിതല സമിതിയുടെ വിലയിരുത്തലിന് വിധേയമായി മാത്രമേ അഡ്വൈസ് ചെയ്തവർക്ക് നിയമനം കൊടുക്കാൻ സാധിക്കൂ. ഈ സമിതിയുടെ പ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാം.

6. വയനാട് നിയോജകമണ്ഡലത്തിൽ സർക്കാർ ഏറ്റെടുത്ത ഭൂമിക്ക് വില നൽകുന്നത് സംബന്ധിച്ച്

ശ്രീമതി രാധാ രാഘവൻ: 1992–ൽ സർക്കാർ രൂപം കൊടുത്ത ആനത്താര പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഭൂമിയുടെ വില നൽകുന്നതിനുള്ള നടപടികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. നാലു റീച്ചുകളിലായി തരം തിരിച്ചതിൽ മൂന്നു റീച്ചുകളിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ പണം കൊടുത്തു. ഒരു റീച്ചിൽ ഉൾപ്പെട്ടവർക്കുകൂടി പണം നൽകാനുള്ള നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ ധനസഹായത്തോടുകൂടി കേരളത്തിൽ പ്രാവർത്തികമാക്കുന്ന പ്രോജക്ട് എലിഫന്റ് പദ്ധതിപ്രകാരമാണ് ആനത്താര പദ്ധതി നടപ്പിലാക്കുന്നത്. ഏഴു റീച്ചുകളിലായി മൊത്തം 41.578 ഹെക്ടർ ഭൂമിയാണ് ഇതുപ്രകാരം ഏറ്റെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതിൽ മൂന്ന് റീച്ചുകളുടെ ഏറ്റെടുക്കൽ പൂർത്തിയാക്കി കോമ്പൻസേഷൻ കൊടുത്തു. നാലാമത്തെ റീച്ച് പൂർത്തിയാക്കണമെങ്കിൽ പതിനഞ്ചര ലക്ഷം രൂപയും ബാക്കിയുള്ള മൂന്നു റീച്ചുകൾ കൂടി ഏറ്റെടുക്കണമെങ്കിൽ 55 ലക്ഷം രൂപയും ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. പണം ലഭ്യമാകുന്നതനുസരിച്ച് കോമ്പൻസേഷൻ വിതരണം പൂർത്തിയാക്കും.

## ധനകാര്യം

2002–2003 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – XXXVII വ്യവസായങ്ങൾ – 1,40,24,91,000 രൂപ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : 2002–2003 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി – IV–ന്റെ രണ്ടാമത് റിപ്പോർട്ടിലെ ധനാഭ്യർത്ഥന XXXVII–ലെ ശുപാർശകളിൻമേലുള്ള പ്രസ്താവന സമർപ്പിക്കുന്നു.

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, എ. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, വി. കെ. ചന്ദ്രൻ, ടി. കെ. ദേവകുമാർ, സാജുപോൾ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, ടി. പി. രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, കെ. കെ. ജയചന്ദ്രൻ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. പി. മോഹനൻ, സി. കെ. നാണു, വി. സി. കബീർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. തൊഴിൽ മേഖല ഉൾപ്പെട്ട വ്യവസായങ്ങളെ സംരക്ഷിക്കാൻ സർക്കാരിന് എന്തെങ്കിലും നയപരിപാടിയുണ്ടോ എന്നാണറിയേണ്ടത്. കഴിഞ്ഞ ഒരു ദശകമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഫലമായി വ്യവസായങ്ങൾ വൻ തകർച്ച നേരിടുന്ന അവസ്ഥയാണ് കാണുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഇറക്കുമതി നയത്തിന്റെ ഫലമായി കാർഷിക രംഗത്ത് ഇന്നുള്ള തകർച്ച വ്യവസായ രംഗത്തേയും ബാധിച്ചിരിക്കുകയാണ്. നിരവധി വ്യവസായ സ്ഥാപനങ്ങൾ തുച്ഛമായ വിലയ്ക്ക് സ്വകാര്യമേഖലയ്ക്ക് വിൽക്കുകയാണ്. പുതിയ നയങ്ങളുടെ ഫലമായി സംസ്ഥാനത്ത് ധാരാളം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയാണ്. അയ്യായിരത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന കോഴിക്കോടുള്ള മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിക്കഴിഞ്ഞു. പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ പലതും അടച്ച് പൂട്ടിക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിവച്ച പല വ്യവസായ സ്ഥാപനങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിറുത്തിവച്ചിരിക്കുകയാണ്. അതിന്റെ പ്രവർത്തനം അടിയന്തിരമായി നടത്താൻ നടപടി സ്വീകരിക്കണം. പൊതുമേഖലാസ്ഥാപപനങ്ങൾ സംരക്ഷിക്കാനും ആദായകരമാക്കാനും എൽ.ഡി.എഫിന്റെ ഭരണകാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യു.ഡി.എഫിന്റെ ഭരണകാലത്ത് പൂട്ടിക്കിടന്ന പല സ്ഥാപനങ്ങളും എൽ.ഡി.എഫിന്റെ ഭരണകാലത്ത് തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നയമാണ് ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. ഒരു സർക്കാരിന് വേണ്ടുന്ന സാമൂഹ്യവീക്ഷണം ഈ സർക്കാർ കാണിക്കുന്നില്ല. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ താല്പര്യത്തിനെതിരായാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങളേയും ചെറുകിടവ്യവസായങ്ങളേയും സംരംക്ഷിക്കാൻ എന്തെങ്കിലും ചെയ്തതായി യു.ഡി.എഫ് സർക്കാരിന് അവകാശപ്പെടാൻ കഴിയുകയില്ല. വ്യവസായങ്ങൾ നിരവധി പ്രശ്നങ്ങൾ നേരരിട്ടുക്കൊണ്ടിരിക്കുന്നു. റാ–മെറ്റീരിയൽസിന് പ്രവേശന നികുതി വസൂലാക്കുന്ന സംപ്രദായം അവസാനിപ്പിച്ച് വ്യവസായങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികളുണ്ടാകണം. ചെറുകിടവ്യവസായങ്ങൾക്ക് സബ്സിഡി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അതിനാവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണം. പുതിയ വ്യവസായങ്ങൾ വരുന്ന ഇന്നത്തെ അവസ്ഥയിൽ കാലഹരണപ്പെട്ട നിയമങ്ങൾക്ക് ആവശ്യമായ ഭേദഗതിവരുത്തണം. പുതിയ വ്യവസായനയം കൊണ്ടുവരുമ്പോൾ കേരളത്തിലെ വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. മുഹമ്മദാലി</u>: ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. യാതൊരു കടിഞ്ഞാണു മില്ലാത്ത ആഗോളവല്കരണ നടപടികളുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുന്ന ഈ അവസരത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായമാന്ദ്യം അവസാനിപ്പിച്ച് വ്യവസായ മേഖലയെ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കഠിനപ്രയത്നം ഉണ്ടാകണം. എല്ലാ എതിർപ്പു കളേയും അവഗണിച്ചുകൊണ്ട് സംസ്ഥാനത്തെ ഏറ്റവും വലിയ കേന്ദ്ര പൊതുമേഖലാസ്ഥാപനം സ്വകാര്യവൽക്കരിക്കുവാനുള്ള തീരുമാനമെടുത്തു കഴിഞ്ഞു. അച്ചടിമാധ്യമങ്ങളെ സ്വകാര്യ വൽക്കരിക്കുന്നതിനുവേണ്ടി വിദേശനിക്ഷേപം സ്വീകരിക്കുവാനുള്ള തീരുമാനവുമായി ക്കഴിഞ്ഞു. ഐക്യജനാധിപത്യമുന്നണി അധികാരമൊഴിയുമ്പോൾ 42 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. ഇന്നിപ്പോൾ 107 പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലും നാലെണ്ണം ലിക്വിഡേഷനിലുമാണ്. ഈ സ്ഥാപനങ്ങൾ എങ്ങനെ ലാഭകരമാക്കാൻ കഴിയുമെന്നുള്ളതാണ് സംസ്ഥാനം നേരിടുന്ന പ്രശ്നം . കഴിഞ്ഞ 5 വർഷത്തെ ഭരണകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ച നിഷേധാത്മകനിലപാടും പൊതുമേഖലാസ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ആക്കം കൂട്ടി. വ്യാവസായിക മേഖലയിൽ കേരളം ഇന്നു നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഒരു അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിലുള്ള പൊതുവായ ഒരു നയം സ്വീകരിക്കണം. അധികാരത്തിൽ വന്നു ഒരു

വർഷത്തിനുള്ളിൽത്തന്നെ വ്യവസായമേഖലയെ ഊർജ്ജിത പ്പെടുത്തുന്നതിനനുകൂലമായ പല നടപടികളും സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യവസായ നയം പ്രഖ്യാപിച്ചു, ഐ. റ്റി., ബി. ടി. മേഖലകൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു, നിക്ഷേപ സമാഹരണത്തിനായി ഗ്ലോബൽ മീറ്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചാലും വ്യാവസായികമേഖല അഭിവൃദ്ധിപ്പെടണമെങ്കിൽ സംസ്ഥാനത്ത് ഒരു നിക്ഷേപസൗഹൃദാന്തരീക്ഷമുണ്ടാകണം. എന്നാൽമാത്രമേ കേരളത്തിൽ പണം മുടക്കാൻ നിക്ഷേപകർ തയ്യാറാകുകയുള്ളൂ. വ്യവസായ സംരംഭങ്ങൾക്ക് മുന്നോടിയായുള്ള നിർമ്മാണപ്രവർത്തനങ്ങൾ തൊഴിലാളിസമരം മൂലം തടസ്സപ്പെടാനിടയാകാത്ത വിധം തൊഴിൽ നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ ധാതുമണൽ സമ്പത്ത് ഫലപ്രദമായി ചൂഷണം ചെയ്യുന്നതിന് സ്വകാര്യ പങ്കാളിത്തംകൂടി ഉറപ്പുവരുത്തണം. അതിനാവശ്യമായ ഒരു മിനറൽ നയം രൂപീകരിക്കണം. സംസ്ഥാനത്തിന്റെ പരിതഃസ്ഥിതി ക്കനുയോജ്യമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം സ്വീകരിക്കുന്നതിൽ തെറ്റില്ല. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കണം. പുതിയ നിക്ഷേപ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന നയം ആവിഷ്കരിക്കണം. കെ. എസ്. ഐ. ഡി. സി., കെ. എഫ്. സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പകൾക്കുള്ള പലിശ ഇതര ധനകാര്യ സ്ഥാപനങ്ങളുടെ പലിശ നിരക്കിന് തുല്യമാക്കണം. അതോടൊപ്പം വ്യവസായ സംരംഭകർക്ക് ലളിതമായ വ്യവസ്ഥകളിൽ ധനസഹായം ലഭ്യമാക്കുകയും വേണം. പുറമേ നിന്നും എത്തുന്ന വ്യവസായ സംരംഭകരേയും സംസ്ഥാനത്തിനകത്തുള്ള സംരംഭകരേയും പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് വ്യാവസായിക രംഗത്തുള്ള മാന്ദ്യം ഇല്ലാതാക്കണം. വ്യാവസായിക മേഖലയിലെ പ്രശ്നങ്ങൾ അഭിപ്രായ സമവായത്തിലൂടെ പരിഹരിക്കണം. കേരളീയർ മറ്റ് സ്റ്റേറ്റുകളിൽ പോയി വ്യവസായങ്ങൾ തുടങ്ങേണ്ടിവരുന്ന സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുകയും പഠിക്കുകയും ചെയ്ത് പ്രതിസന്ധികൾ ഒഴിവാക്കി വ്യവസായമേഖല പുഷ്ടിപ്പെടുത്തണം.

<u>ശ്രീ. ബിനോയ് വിശ്വം:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തെ വ്യവസായ പുരോഗതിയുടെ പാതയിൽ നിന്നു പിന്തിരിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ ഗവൺമെന്റിന് എല്ലാക്കാര്യങ്ങളിലും ഒരു നോക്കുകുത്തിയുടെ റോൾ മാത്രമാണുള്ളത്. വ്യവസായപുരോഗതിക്കാവശ്യമായ പ്രശ്നങ്ങളെക്കറിച്ച് പഠിക്കാൻ യാതൊരു കാഴ്ചപ്പാടുമില്ല. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോയെന്നു സംശയമുണ്ട്. കാർഷികപരിഷ്കരണം പൂർത്തിയാക്കിയ ഒരു സംസ്ഥാനത്ത് വ്യവസായരംഗത്തെ വളർച്ചയുടെ യഥാർത്ഥ പാതയെന്താണെന്ന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ചിന്തിക്കണം. ആ കടമ വിസ്മരിച്ചുകൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടുപോകുന്നത്. 45 ലക്ഷത്തോളം കുടുംബങ്ങൾക്ക് ജീവിതം നൽകുന്ന

പരമ്പരാഗത വ്യവസായങ്ങളെ അവഗണിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അടിസ്ഥാനപരമായ കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ രംഗത്തെ സമ്പൂർണ്ണ തകർച്ചയിലേക്ക് നയിക്കുന്ന സമീപനവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. പുരോഗതിക്കാവശ്യമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയണം. ഐ.ടി.ഡി.സി., മോഡേൺ ബ്രഡ് കമ്പനി എന്നീ പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്രഗവൺമെന്റ് നയം ശരിയല്ല. അവർക്ക് ലാഭതാൽപര്യം മാത്രമേയുള്ളൂ. ലാഭത്തിനു വേണ്ടി പരക്കം പായുന്ന നാടനും മറുനാടനുമായ കുത്തകപ്രഭുക്കൻമാരുടെ കയ്യിൽ സമ്പദ്ഘടനയുടെ തക്കോൽ ഏൽപ്പിക്കുന്നത് ഒരു ഗവൺമെന്റിന്റെ വ്യവസായനയത്തിന്റെ ശരിയായ സമീപനമല്ല. സമ്പദ്ഘടനയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥാനം നിർണ്ണായകമാണ്. സാമ്പത്തികവും രാഷ്ട്രീയവും തമ്മിൽ സ്വാഭാവികമായും ബന്ധമുണ്ട്. വിദേശമൂലധനം കൊണ്ടുവരുമ്പോൾ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ആഭ്യന്തര കമ്പോളവും വേണം. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായത്തൊഴിലാളികളുടേയും ചുമട്ടുതൊഴിലാളികളുടേയും ജീവിതം വഴിമുട്ടി നില്ക്കുന്നത് മനസ്സിലാക്കി ആഭ്യന്തര കമ്പോളം വികസിപ്പിക്കാനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കണം. ഐ.ടി. മേഖലയുടെ വികസനത്തിനായി പ്രവർത്തിക്കുന്ന ഗവൺമെന്റ് ആ രംഗത്ത് എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കണം. ലാഭത്തെയും കമ്പോളത്തെയും മുന്നിൽ കണ്ടുകൊണ്ടുള്ള വ്യവസായ നയത്തെയും തൊഴിൽ നയത്തെയും എതിർക്കുന്നു. ചുമട്ടുതൊഴിലാളികളെ ശത്രുക്കളായി കാണുന്ന ഗവൺമെന്റ് നിലപാട് പ്രാകൃതമാണ്. വൈദ്യുതി രംഗത്തെ തകർച്ച, ഭരണരംഗത്തെ അഴിമതി, ഗവൺമെന്റിന്റെ ഇച്ഛാബോധമില്ലായ്മ എന്നീ കാരണങ്ങളാലാണ് ഫോറിൻ ക്യാപിറ്റൽ വരാത്തത്. കേരളത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രതിപക്ഷം തയ്യാറാണ്.

<u>ശ്രീ. കളത്തിൽ അബ്ദുള്ള</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മുരടിച്ച വ്യവസായത്തെ വീണ്ടും വളർത്തിയെടുക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. വ്യവസായ ശൃംഖല മെച്ചപ്പെടുന്ന വ്യവസായ നയം ഗവൺമെന്റ് സ്വീകരിക്കുമ്പോൾ പ്രതിപക്ഷം എതിർക്കുന്നത് ഖേദകരമാണ്. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് നടത്തിയ പഠനം അനുസരിച്ച് വ്യവസായ രംഗത്ത് കേരളം ഇന്ന് എട്ടാം സ്ഥാനത്താണ്. ആഗോളവൽക്കരണത്തിലും സ്വകാര്യവൽക്കരണത്തിലും പങ്കാളികളായ പല രാഷ്ട്രങ്ങളും കൈവരിക്കുന്ന പുരോഗതി അസൂയാവഹമാണ്. സംസ്ഥാനത്തെ പൂവർ ഇൻവെസ്റ്റ്മെന്റ് ക്ളൈമറ്റ് മെച്ചപ്പെടുത്തണം. വിദേശ മലയാളികളുടെ പണം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകാതെ കേരളത്തിൽ നിക്ഷേപിക്കാനുള്ള സംവിധാനമുണ്ടാക്കണം. ബാങ്ക് ലെവൽ എക്സ്പെർട്ട് കമ്മിറ്റി മീറ്റിംഗ് കൂടണം. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റണം. കെ.എസ്.ആർ.ടി.സി.യെ സാമൂഹ്യപ്രതിബദ്ധതയടെ പേരിൽ രക്ഷിക്കാനുള്ള ഗവൺമെന്റ് നടപടി സ്വാഗതാർഹമാണ്. ഗൾഫ് മലയാളികളുടെ പണം കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ഡെവലപ്മെന്റ് പ്രോജക്ട് തയ്യാറാക്കി ഒരു നിശ്ചിത ശതമാനം ജോലി ഗൾഫിൽനിന്നും തിരിച്ചുവരുന്നവർക്കുവേണ്ടി നീക്കിവയ്ക്കണം.

പരംപരാഗത വ്യവസായ മേഖലയായ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കാൻ പണം അനുവദിച്ചത് സ്വാഗതാർഹമാണ്. വ്യവസായനയത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചിരുന്ന വ്യവസായസോൺ രൂപീകരിക്കണം. വ്യവസായ രംഗം രാഷ്ട്രീയത്തിനതീതമാക്കണം . ഐ.ടി. മേഖലയെ പ്രോൽസാഹിപ്പിക്കാനുള്ള ഗവൺമെന്റ് ശ്രമങ്ങളെ പിൻതാങ്ങുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വ്യവസായരംഗത്ത് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റിന് കഴിയണം. വിദേശ ഇൻവെസ്റ്റേഴ്സിനെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും അവരോട് അക്രമാസക്തമായി പെരുമാറുന്ന തൊഴിലാളികളെ നിയന്ത്രിക്കാനും കഴിയണം. ഇടതുപജനാധിപത്യമുന്നണി ഭരണകാലത്ത് സി.ഐ.ടി.യു നടത്തിയ അനാവശ്യ സമരങ്ങളാണ് ഇവിടത്തെ വ്യവസായത്തകർച്ചക്ക് കാരണമായിട്ടുള്ളത് . ഇത്തരം സംരംഭങ്ങളാണ് വിദേശികൾ കേരളത്തിൽ വ്യവസായ രംഗത്ത് മുതൽ മുടക്കുന്നതിന് തടസ്സമാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട് . മിന്നൽ പണിമുടക്കുകളും ലോക്കൗട്ടും ഒഴിവാക്കുന്നതിനായി പ്രധാനപ്പെട്ട വ്യവസായസ്ഥാപനങ്ങളെ പബ്ളിക് യൂട്ടിലിറ്റി സർവ്വീസ്സായി പരിഗണിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ് . അഞ്ചുവർഷത്തേക്ക് സമരങ്ങൾ അനുവദിക്കുകയില്ല എന്ന തീരുമാനവും വ്യവസായത്തെ തടസ്സപ്പെടുത്തുന്ന മെല്ലെപ്പോക്ക് സമരത്തിനെതിരെയുള്ള നടപടികളും സ്വാഗതാർഹമാണ് . വരുന്ന അഞ്ചു വർഷംകൊണ്ട് നമ്മുടെ സംസ്ഥാനം വ്യവസായരംഗത്ത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകത്തക്ക രീതിയിൽ മുൻപന്തിയിൽ എത്തണം. പ്രമുഖവ്യവസായ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഇൻവെസ്റ്റ്മെന്റ് മീറ്റ് വ്യവസായികളെ ആകർഷിക്കുമെന്ന കാര്യത്തിൽ തർക്കമില്ല . . ലോക കമ്പോളം കീഴടക്കിയിരിക്കുന്ന ചൈനയിലെ വ്യവസായ സംരംഭങ്ങൾ മനസ്സിലാക്കുന്നതിനായി വ്യവസായവകുപ്പുമന്ത്രിയും ലേബർ വകുപ്പുമന്ത്രിയും ചൈന സന്ദർശിക്കണം, ക്ളസ്റ്റേഴ്സ് ഇൻഡസ്ട്രിയൽ സംസ്ക്കാരമാണ് ചൈനയിൽ നിലനിൽക്കുന്നത് . ഫുഡ് പ്രോസസിംഗ് വ്യവസായത്തിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ മാറ്റുകയും വകുപ്പുമേധാവികൾ ഏതുസമയത്തും ഈ യൂണിറ്റുകൾ പരിശോധിച്ച് നിസ്സാര കുറ്റങ്ങൾ ചുമത്തി കേസ്സെടുക്കുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കണം . എൻട്രി ടാക്സ് ഏർപ്പെടുത്തിയതുമൂലം വ്യവസായമേഖലയിൽ അനുഭവപ്പെടുന്ന തടസ്സങ്ങൾക്ക് പരിഹാരമുണ്ടാകണം .

ശ്രീ . പി.ജെ. ജോയി. ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു .. ഈ ഗവൺമെന്റ് ഇൻഫർമേഷൻ ടെക്നോളജിക്ക് മുൻഗണന നൽകിക്കൊണ്ട് ഒരു പുതിയ വ്യവസായ നയം പ്രഖ്യാപിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ് . പ്രതിപക്ഷം അതിനോട് സഹകരിച്ചാൽ വ്യവസായ രംഗത്ത് വലിയ മാറ്റം വരുത്താൻ കഴിയും . ലോകത്താകമാനം ഉദാരവൽക്കരണ നയം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ

വ്യവസായ രംഗത്ത് മൽസരബുദ്ധിയോടുകൂടി ക്വാളിറ്റിയുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കണം. പൊതു മേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തോട് പരിപൂർണ്ണമായി യോജിക്കാൻ കഴിയില്ലെങ്കിലും ഒരുകാരണവശാലും നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിൽ അപാകതയില്ല . പബ്ളിക് സെക്ടറും പ്രൈവറ്റ് സെക്ടറും കോ– ഓപ്പറേറ്റീവ് സെക്ടറുമായിട്ടുള്ള സംയുക്ത സംരംഭങ്ങളുമായി മുന്നോട്ടു പോകണമെന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയത്തിനു മാറ്റം വരുത്താൻ ഇന്ത്യയിൽ ഇന്നുവരെ കഴിഞ്ഞിട്ടില്ല . സംസ്ഥാനത്ത് വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒട്ടേറെ അനുകൂലസാഹചര്യമുണ്ട് . അടിസ്ഥാനസൗകര്യങ്ങളായ ഇലക്ട്രിസിറ്റിയും മറ്റും നൽകിയാൽ വ്യവസായികൾ ഇവിടെ മുതൽ മുടക്കാൻ തയ്യാറാകും. ഈ അനുകൂലഘടകങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം ചെറുകിട വ്യവസായ സംരംഭകരേയും ആകർഷിപ്പിക്കാൻ കഴിയണം . ചെറുകിട വ്യവസായ സംരംഭകർക്ക് കെ.എഫ്.സി. യിൽ നിന്ന് വർക്കിംഗ് ക്യാപ്പിറ്റൽ സമയത്ത് ലഭ്യമാക്കണം. D]t`mÀr kwØm \amb tIcf¯ിൽ കാർഷിIm [njvTnX hyhkmbÌv Duന്നൽ നൽകണം. ഐ.ടി. രംഗത്തെ വളർച്ചയോടൊപ്പം കാർഷികമേഖലയെ രക്ഷിക്കാൻ തയ്യാറാകണം. ട്രേഡ് യൂണിയൻ രംഗത്തുള്ള അൺ ലാഫുൾ പ്രാക്ടീസ് അവസാനിപ്പിക്കണം. വ്യവസായ മേഖലയിൽ നിയമസാധുത വച്ചുകൊണ്ട് തൊഴിലാളികളെ അടിച്ചമർത്തുന്ന സ്ഥിതിക്ക് മാറ്റം വരണം. അങ്കമാലി നിയോജകമണ്ഡലത്തിലെ ടെൽക് കമ്പനിയിലെയും ബാംബൂകോർപ്പറേഷനിലെയും തൊഴിലാളികൾ പ്രയാസമനുഭവിക്കുകയാണ്. ടെൽക് കമ്പനിയെ ബി.ഐ.എഫ്.ആർ.ൽനിന്ന് മോചിപ്പിക്കാനും അതു പുനരുദ്ധരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ വൈവിദ്ധ്യവൽക്കരണവും എൻട്രിടാക്സും ഏർപ്പെടുത്തി ബാംബൂ കോർപ്പറേഷനെ രക്ഷി ക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. വ്യവസായ കേരള ത്തിന്റെ ശ്മശാനഭൂമിയിൽനിന്ന് അതിനെ വിളഭൂമിയാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. വിഭവസമാഹരണം പ്രോൽസാഹിപ്പിക്കാനും തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും സംസ്ഥാനത്തിന്റെ സമഗ്രമായ സാംപത്തിക വളർച്ചയ്ക്ക് കാരണമാകുന്ന നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുന്ന കാതലായ വ്യവസായ നയം പ്രഖ്യാപിച്ചുകൊണ്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻപോട്ടുപോകുകയാണ്. ഇരുപത് കോടി രൂപയുടെ കേരള വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിച്ചു. കിൻഫ്ര ഒരുക്കുന്ന ഇൻഡസ്ട്രിയൽ പാർക്ക് ഈ മേഖലയിലെ ഒരു വഴിത്തിരിവാണ്. ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഫുഡ് പ്രോസസിംഗ് പാർക്ക് മലപ്പുറത്ത് സ്ഥാപിച്ചുകഴിഞ്ഞു. 14 കോടി രൂപ ചെലവു വരുന്ന ടൂൾ–റൂം–കം–ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ

പോകുന്ന വ്യവസായങ്ങൾക്ക് ഇൻസെന്റീവ് കൊടുക്കാൻ കഴിയുന്ന സ്പെഷ്യൽ പാക്കേജുകളും ടാക്സ് ക്ളിയറൻസും പ്രഖ്യാപിക്കണം. എഫക്ടീവായ സിംഗിൾ വിന്റോ ക്ളിയറൻസ് സിസ്റ്റം യാഥാർത്ഥ്യമാക്കണം. സംസ്ഥാനത്ത് ഒരു പുതിയ തൊഴിൽ നയം ആവശ്യമാണ്. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിന്റെ ബഡ്ജറ്റ് സപ്പോർട്ടുകൊണ്ടുമാത്രം ഇനിയും നിലനിറുത്തണമെന്നുപറയുന്നത് ശരിയല്ല. വളരെ ഔട്ട്ഡേറ്റഡ് ആയ ടെക്നോളജി പല പൊതുമേഖലാസ്ഥാപനങ്ങളിലും നിലനിൽക്കുകയാണ്. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്താനുള്ള ലോംങ് ടേം സൊല്യൂഷൻ ബഡ്ജറ്റ് സപ്പോർട്ടാണെന്നുള്ള ധാരണ നിർത്തലാക്കി പൊതുമേഖലയിൽ പിടിച്ചുനിർത്താൻ കഴിയുന്നവ പൊതുമേഖലയിലും അല്ലാത്തവ സംയുക്തമേഖലയിലും നിലനിറുത്തണം. അതുപോലെ ചൗധരി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കോസ്റ്റ് ബെനിഫിറ്റ് ഫ്രെയിം വർക്കിനെക്കുറിച്ച് ഗൗരവമായ പഠനം നടത്തി, കേരളത്തിന് പുറത്തേയ്ക്ക് സിഗ്നൽ കൊടുക്കാൻ കഴിയണം. ഗവൺമെന്റിനും തൊഴിലാളിവർഗ്ഗത്തിനും സത്യസന്ധമായ ഒരു സമീപനമുണ്ടാകുമെന്നുള്ള ധാരണയുണ്ടാക്കാൻ ശ്രമിച്ചാൽ വ്യവസായരംഗത്ത് കാര്യമായ മാറ്റമുണ്ടാക്കാൻ കഴിയും.

<u>പ്രൊഫ. എ.ഡി. മുസ്തഫ</u>: ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആറു മാസംകൊണ്ട് ഒരു വ്യവസായനയം രൂപീകരിക്കാൻ കഴിഞ്ഞു. എന്നതിൽ അഭിനന്ദനമർഹിക്കുന്നു. ഒരു കോടിയോളം രൂപ സബ്സിഡി നല്കി 132 സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ഇതിൽ 56 എണ്ണം പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. 50,000 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് സ്വീകരിക്കാൻ ഒരു ഗ്ളോബൽ മീറ്റ് 2002 ഒക്ടോബറിൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഒരു തത്വ ദീക്ഷയുമില്ലാതെ ഡിസ്ഇൻവെസ്റ്റുമെന്റ് നടത്തിക്കൊണ്ട് രാജ്യത്തിന്റെ സംപദ്ഘടനയെ പൂർണ്ണമായി തകർക്കാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. കഴിഞ്ഞ സാംപത്തിക വർഷത്തിൽ 6,000 കോടി രൂപയുടെ ഷെയറാണ് വിൽപ്പന നടത്തിയതെങ്കിൽ ഇപ്പോൾ 12000 കോടി രൂപയുടെ ഷെയറാണ് വിൽപ്പന നടത്തുന്നത്. വർഷങ്ങളായി ആരംഭിച്ചതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളും മാത്രമാണ് നരസിംഹറാവു ഗവൺമെന്റ് ഉദാരവൽക്കരണത്തിന് എടുത്തതെങ്കിൽ ഇന്ന് അതിന്റെ മറപിടിച്ചുകൊണ്ട് മിക്കവാറും മുഴുവൻ സംവിധാനങ്ങളും വിൽക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ഇതിനെ കക്ഷിഭേദമെന്യേ എതിർക്കണം. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ സംസ്ഥാനത്ത് ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. അതിന് മുതൽ മുടക്കാൻ തയ്യാറുള്ളവരെ കണ്ടെത്തണം.

<u>ശ്രീ. ഷിബു ബേബിജോൺ</u>: ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഒരു വർഷം കൊണ്ട് വ്യവസായ രംഗത്തെ മുരടിപ്പ് മാറ്റി ചലനങ്ങൾ സൃഷ്ടിക്കാൻ സാധിച്ച വ്യവസായ വകുപ്പു മന്ത്രിയെ അഭിനന്ദിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം നമ്മുടെ അയൽ സംസ്ഥാനങ്ങളും, ലോകമെമ്പാടും വിവര സാങ്കേതിക വിദ്യയിലടക്കം മുന്നോട്ടു പോയപ്പോൾ നാം പൂർണ്ണമായും

ആ രംഗത്ത് സ്തംഭനാവസ്ഥയിലായിരുന്നു. ഐ. ടി. രംഗത്ത് ഇൻഡ്യാ രാജ്യത്തെ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി ചുരുങ്ങിയ കാലം കൊണ്ട് കേരളത്തിന് മാറാൻ സാധിച്ചു. തൊഴിലില്ലായ്മ അതിരൂക്ഷമായി തുടരുന്നു. ഇതിനൊരു പരിഹാരമുണ്ടാകണമെങ്കിൽ വ്യവസായം ഉണ്ടാകണം. അതുകൊണ്ടാണ് 5000 കോടി രൂപയുടെ മുതൽ മുടക്കെങ്കിലും വ്യവസായ രംഗത്ത് ഉണ്ടാകണമെന്ന് പ്രഖ്യാപിച്ചത്. അതിനനുസൃതമായ കാലാവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. അതുപോലെ പരമ്പരാഗത വ്യവസായ മേഖല സംരക്ഷിച്ചുകൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളു. കശുവണ്ടി മേഖലയിൽ കാപ്പക്സ് അടക്കം തുറന്നു പ്രവർത്തിക്കാത്ത സാഹചര്യമുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഭരണത്തിൻ കീഴിൽ 135 കോടിയിൽപ്പരം രൂപയുടെ നഷ്ടം ഉണ്ടാക്കി. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് കാപ്പക്സ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം പിൻവലിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമമാക്കണം. അഴിമതി തടയണം. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകണം.

<u>ശ്രീ.യു.സി. രാമൻ:</u> ധനാഭ്യർത്ഥനയെ പിന്തതാങ്ങുന്നു. വ്യവസായരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് ഒരു വ്യവസായ നയം ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. ബൗദ്ധികസാഹചര്യങ്ങളുടെ അപര്യാപ്തത, ഊർജ്ജത്തിന്റെ കുറവ്. ഭൂമിയുടെ അധിക വില, ഭൂമിശാസസ്ത്രപരമായ കിടപ്പ്, ഉല്പാദനച്ചെലവിലുള്ള വർദ്ധനവ് ഇതൊക്കെയാണ് വ്യവസായരംഗത്തെ പിന്നോക്കാവസഥയ്ക്കുള്ള പ്രധാന കാരണങ്ങൾ. വിഭവശേഷി സമാഹരണത്തെ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ ഉറപ്പാക്കുക, നിക്ഷേപകരെ ആകർഷിക്കുക, മൊത്തം വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളുമായിട്ടാണ് വ്യവസായനയം പ്രഖ്യാപിച്ചിരിക്കുന്നത്. തൊഴിൽ രംഗത്ത് കേരളത്തെക്കുറിച്ചുള്ള തെറ്റായ ധാരണ തിരുത്തുന്നതിനാവശ്യമായ പ്രവർത്തനമുണ്ടാകണം. വ്യവസായമേഖലയിൽ പുതിയ തൊഴിൽ സംസ്ക്കാരം വളർന്നുവരണം. തൊഴിൽ ഭദ്രത വ്യവസായ രംഗത്ത് ഉറപ്പുവരുത്തണം. റോഡ്, ഫോൺ, റെയിൽവേ, തുറമുഖം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കണം. ചെറുകിടവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. കേരളത്തെ ഇന്ത്യയുടെ ഐ.ടി. ആസ്ഥാനമാക്കി മാറ്റിയെടുക്കണം.
മാവൂർ ഗ്വാളിയോർ റയോൺസിന്റെ വസ്തുവകകൾ ഏറ്റെടുത്ത് മറ്റൊരു വ്യവസായ സ്ഥാപനം ആരംഭിക്കണം.

<u>ശ്രീ. സി.കെ. നാണു</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ ഓരോന്നായി നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായമേഖലയിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നില്ല. പ്രതിപക്ഷത്തിന്റെകൂടി സഹകരണത്തോടെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ കൂട്ടായ യജ്ഞത്തിന് സർക്കാർ തയ്യാറാകണം.

<u>ശ്രീ. എ.എ. അസീസ്:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കാപ്പക്സ് ലാഭകരമാക്കാനെന്ന പേരിൽ ഇറക്കിയിട്ടുള്ള ഉത്തരവ് തൊഴിലാളി വിരുദ്ധമാണ്. ആ ഉത്തരവ് പിൻവലി ക്കണം.

<u>ശ്രീ. കെ. പി. വിശ്വനാഥൻ:</u> ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. സംസ്ഥാനത്തെ വികസനത്തിന്റെ ഒരു പുതിയ പാതയിലേക്ക് നയിക്കുന്നതിനുവേണ്ടി ഇതുവരെ പിൻതുടർന്നുവന്ന തത്വസംഹിതകളിൽ നിന്നു വ്യത്യസ്തമായി സ്വകാര്യമേഖലയെ സ്വാഗതം ചെയ്തുകൊണ്ട് കേരളത്തിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളാണ് മുഖ്യമന്ത്രിയും വ്യവസായവകുപ്പുമന്ത്രിയും തൊഴിൽവകുപ്പുമന്ത്രിയും നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് നിക്ഷേപ സമാഹരണത്തിനായി ഗ്ലോബൽ ഇൻവെസ്റ്റമെന്റ് മീറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. നിക്ഷേപകർ ഇവിടെ പണം മുടക്കണമെങ്കിൽ അതിനനുയോജ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കണം. ലോകവീക്ഷണത്തിൽ തന്നെ കാതലായ പരിവർത്തനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നെഹ്രുയുഗത്തിൽ സ്വീകരിച്ചിരുന്ന ജനാധിപത്യ വികസന മാതൃകയ്ക്ക് ഇന്ന് പ്രസക്തിയില്ലാതായിരിക്കുന്നു. അന്നത്തെ കാലഘട്ടത്തിൽ സ്വകാര്യമേഖലയിൽ പണം മുടക്കാൻ പ്രാപ്തരായവരില്ലാതിരുന്നതിനാൽ ഗവൺമെന്റിന്റെ റിസോഴ്സസ് മാത്രം ഉപയോഗിച്ച് പൊതുമേഖലാസ്ഥാപനങ്ങളുണ്ടാക്കി. ആ പൊതുമേഖലാസ്ഥാപനങ്ങളെല്ലാം അതേപടി നിലനിർത്തിക്കൊണ്ട്, ലോകത്തുണ്ടായിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് മാറാതിരുന്നാൽ നമ്മൾ ലോകത്ത് നിന്നു ഒറ്റപ്പെടും. സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുന്നതുകൊണ്ട് വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയ മേഖലകളിൽ പുരോഗതിയുണ്ടാകുന്നതിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും. അത്തരം സംരംഭങ്ങളെ വിവിധ മാർഗ്ഗങ്ങളിലൂടെ എതിർത്തുതോൽപ്പിക്കാനുള്ള ശ്രമം ഒട്ടും അഭികാമ്യമല്ല. തൊഴിലാളികൾ നിക്ഷേപകരെ ശത്രുക്കളായിട്ടു കാണുന്ന സമീപനം മാറ്റണം. തൊഴിലാളികളെപ്പോലെതന്നെ നിക്ഷേപകർക്കും ന്യായമായ സംരക്ഷണം കൊടുക്കണം. തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന ഒരന്തരീക്ഷം ഇവിടെ സൃഷ്ടിക്കണം. വ്യവസായവൽക്കരണത്തിന് സ്വകാര്യവൽക്കരണത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുമെന്നു പ്രകടനപത്രികയിൽ പറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ പുതിയ നയങ്ങൾക്ക് ജനങ്ങളുടെ പിൻതുണയുണ്ട്. നഷ്ടത്തിൽ നടക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടിയാലേ രാജ്യം രക്ഷപ്പെടുകയുള്ളൂ. വ്യവസായസംരംഭകർ മുന്നോട്ടുവന്നാലേ സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കി സാമ്പത്തികവളർച്ച ത്വരിതപ്പെടുത്താനാകുകയുള്ളൂ. സ്വകാര്യവ്യക്തികളുടേതായി വിവിധ ബാങ്കുകളിലുള്ള കോടിക്കണക്കിന് രൂപ സംസ്ഥാനത്ത് തന്നെ വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ നിക്ഷേപിക്കുന്നതിനുള്ള എല്ലാവിധ അനുകൂലസാഹചര്യങ്ങളും ഒരുക്കിക്കൊടുക്കണം

<u>ശ്രീ. ടി. കെ. ദേവകുമാർ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് സമർപ്പിച്ച ശുപാർശകളിലൊന്നുപോലും ഈ ധനാഭ്യർത്ഥനയിൽ അംഗീകരിച്ചിട്ടില്ല. വിദേശത്തേയും ഇൻഡ്യയിലേയും കുത്തകമുതലാളിമാർക്ക് തൊഴിലാളികളുടെ അവകാശങ്ങൾ ബലികഴിക്കുന്ന തൊഴിൽനയവും വ്യവസായനയവുമാണ് ഗവൺമെന്റ് ഇവിടെ നടപ്പിലാക്കാൻ പോകുന്നത്. പരമ്പരാഗത വ്യവസായമേഖലയിലെ 40 ലക്ഷത്തോളം തൊഴിലാളി കളാണ് ഇപ്പോൾ തൊഴിൽരഹിതരായിരിക്കുന്നത്. തെറ്റായ വ്യവസായിക നയങ്ങൾ അടിച്ചേൽപ്പിക്കുന്നത് പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിലാണ്. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി മുഴുവൻ തൊഴിലാളിസംഘടനകളും ഒറ്റകെട്ടായി സമരത്തിന്റെ പാതയിലാണ്. ഈറ്റ, പനമ്പ് വ്യവസായ മേഖലയിലെ തൊഴിലാളികൾ യോജിച്ച പോരാട്ടത്തിന് തയ്യാറെടുത്തു കഴിഞ്ഞു. പരമ്പരാഗത വ്യവസായങ്ങളെ കേരളത്തിന്റെ ശവപ്പറമ്പാക്കി മാറ്റിയിരിക്കുന്നു. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞു. തെറ്റായ മദ്യനയത്തിനെതിരെ സമരം ചെയ്ത തൊഴിലാളികളെ മർദ്ദിച്ചൊതുക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്. നാഷണൽ ടെക്സ്റ്റൈൽ പോളിസി കൊണ്ടു വരാനുള്ള ശ്രമത്തിൽ തകരുന്നത് കൈത്തറി വ്യവസായ മേഖലയാണ്. കയർ വ്യവസായത്തിന് ഏറ്റവും കുറഞ്ഞ ബഡ്ജറ്റ് അലോട്ട്മെന്റാണ് ഈ ഗവൺമെന്റ് നീക്കിവച്ചത്. കയറിന്റെ കയറ്റുമതി വില നിശ്ചയിക്കാൻ നിയമിച്ച കമ്മിറ്റിയിൽ ഒറ്റ തൊഴിലാളി സംഘടനാ പ്രതിനിധിപോലുമില്ല. ഒരു ക്വിന്റൽ കയർ സംഭരിക്കാൻ പോലും ശേഷിയില്ലാത്ത കയർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് 8 കോടി രൂപ നൽകിക്കഴിഞ്ഞു. സാമ്പത്തിക വ്യാവസായിക മേഖലകളിൽ ഹിതകരമല്ലാത്ത നടപടികൾ ഇനിയും ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പലവട്ടം സൂചിപ്പിച്ചു കഴിഞ്ഞു. 111 പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കാൻ നിയമിച്ച ചൗധരി കമ്മിറ്റി അതിന്റെ അപ്രോച്ച് പേപ്പർ സമർപ്പിച്ചത് 90 ദിവസങ്ങൾക്കുള്ളിലാണ്. ആ പേപ്പർ ഒറ്റ ദിവസംകൊണ്ട് പ്ലാനിംഗ് ബോർഡ് പരിശോധിച്ച് ക്യാബിനറ്റിന് അയയ്ക്കുകയായിരുന്നു. യഥാർത്ഥത്തിൽ ഈ പേപ്പർ തയ്യാറാക്കിയത് എ.ഡി.ബി.യുടെ ഉദ്യോഗസ്ഥൻമാരായിരുന്നു. ഇതുമൂലം 25 വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ തീരുമാനിച്ചു. എന്നാൽ ഈ സ്ഥാപനങ്ങൾ ഗവൺമെന്റിലേക്ക് അയച്ച നികുതിത്തുകയെ സംബന്ധിച്ച് ഒരു വാക്കുപോലും അപ്രോച്ച് പേപ്പറിലില്ല. ഐ.ടി. മേഖല സമ്പുഷ്ടമാക്കാൻ ആവേശപൂർവ്വം ശ്രമിക്കുമ്പോൾ പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലകളെകൂടി സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് സന്മനസ്സ് ഉണ്ടാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി)</u>: വ്യവസായവകുപ്പിന്റെ ധനാഭ്യർത്ഥനയിൽ പങ്കെടുത്തു സംസാരിച്ച അംഗങ്ങളുടെ പ്രസംഗങ്ങൾ വരികൾക്കിടയിൽ പരിശോധിച്ചാൽ അതിൽ ഗവൺമെന്റിന് അനുകൂലമായ നിലപാടുള്ളതായി വ്യക്തമാകും. ഇന്ന് വ്യവസായിക മേഖലയിൽ ഒരു കൺസൻസസ് ആവശ്യമാണ്. വ്യവസായിക, ഐ.ടി. നയങ്ങൾ ആവിഷ്ക്കരിച്ചപ്പോഴെല്ലാം പൊളിറ്റിക്കൽ

ലീഡേഴ്സുമായും ട്രേഡ് യൂണിയൻ നേതാക്കൻമാരുമായും ചർച്ച ചെയ്തിരുന്നു. താത്വികമായും വിവിധ ഇഷ്യുകളിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഒരു കൺസൻസ്സസിനുവേണ്ടി ഈ ഗവൺമെന്റ് ശ്രമിക്കുന്നു എന്ന യാഥാർത്ഥ്യം എല്ലാവരും അംഗീകരിക്കണം. ഒരു ഗവൺമെന്റിനും ഹിതകരമായതു മാത്രം ചെയ്യാൻ കഴിയില്ല. ഇ.ആർ.സി. സമർപ്പിച്ചത് അപ്രോച്ച് പേപ്പറാണ്. അവരവരുടെ പഠനങ്ങൾ പ്ലാനിംഗ് ബോർഡ് പരിശോധിച്ച് ക്യാബിനറ്റിലേക്ക് വരികയാണ്. ഓരോ കേസിലും അതിന്റെ മെരിറ്റ് പരിശോധിച്ചു മാത്രമേ തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ. പൊതുമേഖലയെ സംബന്ധിച്ച് സുവ്യക്തമായ കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. ഓരോ സ്ഥാപനത്തിന്റെയും കടബാദ്ധ്യതയും ചെലവുമെല്ലാം പരിശോധിച്ചാണ് തീരുമാനങ്ങളും പരിഹാര നടപടികളും എടുക്കുന്നത്. കണ്ണൂർ സ്പിന്നിംഗ് മിൽസും കാഷ്യു ഡെവലപ്പ്മെൻറ് കോർപ്പറേഷനും ആരു വിചാരിച്ചാലും രക്ഷപ്പെടുത്താൻ കഴിയാത്ത സ്ഥിതിയിലാണ്. പണം നൽകി ഇവ നിലനിർത്താൻ ഒരു ഗവൺമെന്റിനും സാധിക്കുകയില്ല. ഈ സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷമുണ്ടാകണം. പൊതുമേഖലയെ നശിപ്പിക്കുന്ന സമീപനമല്ല ഗവൺമെന്റിനുള്ളത്. പൊതുമേഖല വമ്പിച്ച കടബാദ്ധ്യതയിലാണ്. എ.ഡി.ബി.യിൽ നിന്നും മറ്റും പണം കിട്ടുകയാണെങ്കിൽ അത് ഉപയോഗിച്ച് സെറ്റിൽമെന്റ് ഉണ്ടാക്കണം. വി.ആർ.എസ്.-നെ പലരും അനുകൂലിക്കുന്നുണ്ട്. വി.ആർ.എസ്. വഴി രക്ഷപ്പെടുത്താൻ കഴിയുന്ന കമ്പനികൾ സ്വകാര്യവൽക്കരിക്കണമോ പൊതുമേഖലയിൽ നിലനിറുത്തണമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. നിരവധി കൺസെഷൻസ് അനുവദിച്ചതിന്റെ പേരിൽ പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻവേണ്ടി എം.ഒ.യു. ഒപ്പ് വച്ചുകഴിഞ്ഞു. കൺസെഷൻസ് കൊടുക്കുകയാണെങ്കിൽ പെരുമ്പാവൂർ റയോൺസും വലിയ ഇൻവെസ്റ്റുമെന്റോടുകൂടി തുറക്കാൻ കഴിയും. വയബിളായിട്ട് നടത്താൻ കഴിയുന്ന പൊതുമേഖല നിലനിറുത്തുന്നതിന് ഗവൺമെന്റിന് ഒരു വിരോധവുമില്ല. പൊതുമേഖലയെ സംബന്ധിച്ച് റീ-സ്ട്രക്ച്ചറിംഗ് എന്ന അപ്രോച്ചാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഡിസ്-ഇൻവെസ്റ്റ്മെന്റ് ചെയ്യുമെന്ന് പറഞ്ഞിട്ടില്ല. കശുവണ്ടിമേഖലയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. ചെലവ് ചുരുക്കാതെ കാപ്പക്സ് നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. തൊഴിലാളികളുടെ ഘടകമാണ് ഏറ്റവും വലിയ ചെലവുണ്ടാക്കുന്നത്. തൽക്കാലം ആ മേഖലയിൽ ആനുകൂല്യം വെട്ടിക്കുറച്ചില്ലെങ്കിൽ കാപ്പക്സ് നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. അടുത്ത മാസം 15-ാം തീയതിക്കുള്ളിൽ കാപ്പക്സ് തുറന്ന് പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പ് നൽകുന്നു. അടുത്ത ഘട്ടമായിട്ട് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷനും തുറക്കും. ആ സ്ഥാപനം നടത്തിക്കൊണ്ടുപോകണമെങ്കിൽ ഗവൺമെന്റ് 50 കോടി രൂപ കൊടുക്കണം. കൈത്തറി മേഖലയിലെ പ്രശ്നവും വളരെ ഗുരുതരമാണ്. അതിന് ബഡ്ജറ്റിൽ പ്രൊവിഷനില്ലാതിരുന്നിട്ടും ഗവൺമെന്റ് സ്പെഷ്യൽ പാക്കേജ് നൽകി. റിബേറ്റും എം. ഡി. എ. യും കൂടി കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ തുക - 23.22 കോടി രൂപ കൊടുത്തത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അനിയന്ത്രിതമായി ഇനി റിബേറ്റ് നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. ഓണക്കാലത്ത് ഹാന്റക്സിനും ഹാന്റവീവിനും റിബേറ്റ്

കൊടുക്കണമെന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ടെങ്കിലും തീരുമാനിച്ചിട്ടില്ല. കണ്ണൂരിൽ ടെക്സ്റ്റൈൽ പാർക്ക് സ്ഥാപിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭ്യമാകും. അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റിന് സ്കീമുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലും മറ്റ് വ്യവസായ മേഖലയിലും ദീർഘ കാലാടിസ്ഥാനത്തിലുള്ള നയങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ വേണ്ടിയുള്ള വ്യവസായ നയത്തിന്റെ ഡ്രാഫ്റ്റ് അവതരിപ്പിക്കുകയും അതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. അതിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഐ. ടി. 2000 കേരളത്തിൽ നടത്താൻ പോകുന്നത് ഒരു വലിയ വിസിബിലിറ്റി കൊടുക്കാൻ വേണ്ടിയാണ്. കർണ്ണാടകത്തേയും ആന്ധ്രാപ്രദേശിലേയും പോലെ കേരളവും ഐ. ടി. ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 'ഇ' ഗവേണൻസിന് കൂടിതൽ പണം നീക്കിവച്ചിട്ടുണ്ട്. പല പ്ലസ് പോയിന്റും ഉള്ളതുകൊണ്ട് ഐ. ടി രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കേരളത്തിൽ സാദ്ധ്യതയുണ്ട്. ടെക്നോപാർക്കിന്റെ ഏറ്റവും വലിയ ബ്ലോക്കായ രണ്ടാം ഘട്ടം ഒന്നര മാസത്തിനുള്ളിൽ ഉത്ഘാടനം ചെയ്യും. മേജർ കമ്പനികൾക്ക് കൊടുക്കേണ്ട ചില പാക്കേജിനെക്കുറിച്ച് ക്യാബിനറ്റ് കൺസിഡർ ചെയ്യുന്നുണ്ട്. ഒരു കൊല്ലത്തെ ക്യാമ്പയിന്റെ ഫലമായി മേജർ കമ്പനികൾ കേരളത്തിൽ മുതൽ മുടക്കുമെന്നു സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഹയർ എഡ്യൂക്കേഷൻ രംഗത്തെ നിലവാരക്കുറവാണ് കേരളത്തിലെ ഐ. ടി രംഗത്തെ മുഖ്യപ്രശ്നം. എഡ്യൂക്കേഷണൽ ഗ്രിഡ് ഈ രാജ്യത്ത് ഏറ്റവും വലിയ വിപ്ലവമുണ്ടാക്കും. കേരളത്തിൽ ഐ. ടി ലിറ്ററസി ക്യാമ്പയിൻ അനിവാര്യമാണ്. ഭരണരംഗത്ത് കമ്പ്യൂട്ടർവൽക്കരണം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. ഗ്ലോബൽ മീറ്റുകൊണ്ട് ഉദ്ദേശിക്കുന്നത് വ്യവസായരംഗം ഒന്ന് പ്രൊജക്ട് ചെയ്യാനാണ്. ലോകത്ത് ടെക്നോളജിയിൽ വന്നിരിക്കുന്ന മാറ്റം ഉൾക്കൊള്ളാൻ നാം തയ്യാറാകണം. കെ.എസ്.ഐ.ഡി.സി.യെ ലെന്റിംഗ് ഇൻസ്റ്റിറ്റ്യൂഷനായി മാറ്റാനും ഇന്റർ നാഷണൽ കൺസൾട്ടന്റിനെ നിയമിച്ചുകൊണ്ടു എല്ലാ വ്യവസായ മേഖലകൾക്കും അനുയോജ്യമായ പ്രോജക്ടുകൾ കണ്ടുപിടിച്ചു ഗ്ലോബൽ മീറ്റിൽ പ്രസന്റ് ചെയ്യാനും ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ജില്ലാ വ്യവസായകേന്ദ്രങ്ങളെ ഫെസിലിറ്റേറ്ററായി മാറ്റും. പി. എം. ആർ. വൈ. പദ്ധതി കുടുംബശ്രീയിൽ ഉൾപ്പെടുത്തും. ഫുഡ് പ്രോസസിംഗും ബയോടെക്നോളജിയും ഏകീകരിച്ചു പ്രത്യേക പരിഗണന കൊടുത്തുകൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കയർ മേഖലയെക്കുറിച്ച് ഇരുഭാഗത്തുനിന്നും നല്ല അഭിപ്രായമാണുണ്ടായത്. കയർ മേഖലയ്ക്കായി ബഡ്ജറ്റിൽ 22.87 കോടി രൂപയാണ് അനുവദിച്ചിരുന്നതെങ്കിലും 25 ശതമാനം അതിൽ വെട്ടിക്കുറച്ചു. സ്പെഷ്യൽ പാക്കേജ് പ്രകാരം പണം ലഭ്യമായതിനാൽ 29 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞു. കയർ മേഖലയിൽ റിബേറ്റും എം.ഡി.എ.യും പൂർണ്ണമായും കൊടുത്തുതീർത്തു. ഡിസ്ട്രസ്സ് പർച്ചേസ് ഇല്ലാത്തതിനാൽ അതിനായി മാറ്റിവച്ച എട്ടു കോടി രൂപ ചെലവാക്കിയിട്ടില്ല. മുൻ ഗവൺമെന്റ് നിശ്ചയിച്ച മാർക്കറ്റ് വിലയിൽ ഈ

ഗവൺമെന്റ് മാറ്റം വരുത്തിയിട്ടില്ല. കയർ വ്യവസായ രംഗത്ത് ഒരു ഫാക്ടറിയും അടഞ്ഞുകിടക്കുന്ന സാഹചര്യം ഇന്നില്ല. കയറിന് ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത വിധത്തിൽ വില വർദ്ധി ച്ചിരിക്കുന്നു. എൻ.സി.ഡി. സി.യിൽ നിന്നെടുത്ത പണം കോ–ഓപ്പറേറ്റിവ് സൊസൈറ്റികൾ തിരിച്ചടച്ചിട്ടില്ല. കയർ രംഗത്ത് ഇപ്പോൾ പ്രതിസന്ധിയൊന്നുമില്ല. കയറിന്റെ ശാശ്വത നിലനിൽപിന് ആർ ആന്റ് ഡി വിംഗ് ഐ.സി.എ.ആർ . ഏറ്റെടുക്കുന്നതാണ് അഭികാമ്യം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

വ്യവസായം എന്ന XXXVII –ാം നംപർ ധനാഭ്യർത്ഥന 30–നെതിരെ 69 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.11–ന് പിരിഞ്ഞു.

-----